**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

**പ്രധാനമന്ത്രി ആവാസ് യോജന**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 142** **04/12/2018-ൽ മറുപടിക്ക്**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്</th><th colspan="2">ഉത്തരം<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)</th></tr>
<tr><td>എ)</td><td>പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിയിൽ സംസ്ഥാനത്തിന് 2017-18, 2018-19 വർഷങ്ങളിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഇതിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ;</td><td>(എ)</td><td>പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ 2017-2018-ലെ ഭൗതിക ലക്ഷ്യം,അനുവദിച്ച വീടുകളുടെ എണ്ണം, പൂർത്തീകരിച്ച വീടുകളുടെ എണ്ണം എന്നിവ ചുവടെ കൊടുക്കുന്നു.<br><br><u>2017-2018-ലെ ഭൗതിക ലക്ഷ്യം</u><br><table><tr><th>പട്ടിക ജാതി</th><th>പട്ടിക വർഗ്ഗം</th><th>ന്യൂനപക്ഷം</th><th>പൊതു വിഭാഗം</th><th>ആകെ</th></tr><tr><td>3921</td><td>2002</td><td>2725</td><td>1224</td><td>9872</td></tr></table><br><u>2017-2018-ൽസാങ്ഷൻ ചെയ്ത വീടുകളുടെ എണ്ണം</u><br><table><tr><th>പട്ടിക ജാതി</th><th>പട്ടിക വർഗ്ഗം</th><th>ന്യൂനപക്ഷം</th><th>പൊതു വിഭാഗം</th><th>ആകെ</th></tr><tr><td>1016</td><td>187</td><td>910</td><td>1338</td><td>3451</td></tr></table><br><u>2017-2018-ൽ പൂർത്തീകരിച്ച വീടുകളുടെ എണ്ണം</u><br><table><tr><th>പട്ടിക ജാതി</th><th>പട്ടിക വർഗ്ഗം</th><th>ന്യൂനപക്ഷം</th><th>പൊതു വിഭാഗം</th><th>ആകെ</th></tr><tr><td>529</td><td>64</td><td>566</td><td>917</td><td>2076</td></tr></table><br>2018-2019 സാമ്പത്തിക വർഷം പി.എം,വൈ.(ജി) പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും ഭൗതിക ലക്ഷ്യം ലഭിച്ചിട്ടില്ല. ടി വർഷം ഭൗതികലക്ഷ്യം അനുവദിച്ച് നൽകുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.<br>പി.എം.എ.വൈ (അർബൻ)പദ്ധതി പ്രകാരം, ഡി.പി.ആർ നൽകുന്നതനുസരിച്ച് കേന്ദ്രസർക്കാർ അനുമതി നൽകുന്നു. 2017-18-ൽ 57,476 ഭവനങ്ങൾക്ക് നിർമ്മാണ അനുമതി ലഭിച്ചു. ഇവയിൽ 27,480 ഭവന നിർമ്മാണം ആരംഭിച്ചു. അതിൽ 2083 ഭവനങ്ങൾ പൂർത്തീകരിച്ചു. 2018-19-ൽ പി.എം.എ.വൈ(അർബൻ) പദ്ധതിയിൽ നാളിതുവരെ 82487 ഭവന നിർമ്മാണ</td></tr>
</table>

| | | | |
|---|---|---|---|
| | | | അനുമതി ലഭിച്ചിട്ടുള്ളതിൽ 43992 ഭവന നിർമ്മാണം ആരംഭിക്കുകയും അതിൽ 8666 ഭവനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. |
| (ബി) | കേന്ദ്ര സർക്കാരിന്റെ സഹായത്തിന് പുറമെ ഓരോ വീടിനും നാല് ലക്ഷം രൂപ അനുവദിക്കാൻ ആവശ്യമായ ഫണ്ട് സംസ്ഥാന സർക്കാരോ ത്രിതല പഞ്ചായത്തോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിക്ക് കേന്ദ്രസർക്കാർ 72,000/- രൂപയും സംസ്ഥാന സർക്കാർ 48,000/- രൂപയുമാണ് അനുവദിക്കുന്നത്. ടി തുക ഉൾപ്പെടെ ബാക്കി വരുന്ന 2,80,000/- രൂപയും ചേർത്താണ് ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്ന 4,00,000/- രൂപയ്ക്ക് തുല്യമായ തുക PMAY(G) ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വീട് നിർമ്മിക്കുന്നതിന് 6,00,000/- രൂപ അനുവദിക്കുന്നു. പി.എം,വൈ.(ജി) യുടെ 1,20,000/- രൂപ കഴിച്ചുള്ള ബാക്കി തുക ത്രിതല പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്നും അനുവദിക്കുന്നു.<br>പി.എം.എ.വൈ(നഗരം) പദ്ധതിയുടെ ഗുണഭോക്തൃ കേന്ദ്രീകൃത നിർമ്മാണത്തിൽ (ബി.എൽ.സി) കേന്ദ്രസർക്കാർ 1.5 ലക്ഷം രൂപയാണ് നൽകുന്നത്. ഇതിനു പുറമേ സംസ്ഥാന സർക്കാർ 50,000/- രൂപയും നഗരസഭകളുടെ 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപയാണ് ഗുണഭോക്താവിന് നൽകുന്നത്. |

സെക്ഷൻ ഓഫീസർ